**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4598** **13-03-2023 - ൽ മറുപടിയ്ക്ക്**

**സേഫ് പദ്ധതി നടപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സേഫ് പദ്ധതി നടപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | 2010 ഏപ്രിൽ 1-ന് ശേഷം ഭവനപൂർത്തീകരണം നടത്തിയിട്ടുള്ളവരും, കഴിഞ്ഞ 5 വർഷക്കാലയളവിനുള്ളിൽ ഭവന നിർമ്മാണത്തിനോ, ഭവന പുനരുദ്ധാരണത്തിനോ ധനസഹായം ലഭിക്കാത്തതുമായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കുടുംബങ്ങളുടെ ഭവനപൂർത്തീകരണവും, പുനരുദ്ധാരണവും ലക്ഷ്യമിട്ടു കൊണ്ട് നടപ്പിലാക്കുന്ന പദ്ധതിയാണ് SAFE (Secure Accommodation and Facility Enhancement) പദ്ധതി. ടി പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി ലഭ്യമാകുന്ന അപേക്ഷകളിൽ നിന്നും അർഹരായവർക്ക് മുൻഗണാനാടിസ്ഥാനത്തിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | വൈപ്പിൻ നിയോജക മണ്ഡലത്തിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; | (ബി) | വൈപ്പിൻ നിയോജക മണ്ഡലത്തിൽ നിന്നും സേഫ് പദ്ധതി പ്രകാരം ലഭ്യമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ അപേക്ഷകളുടെ വിശദാംശം ചുവടെ ചേർക്കുന്നു. |

| പഞ്ചായത്ത് | അപേക്ഷകളുടെ എണ്ണം |
|---|---|
| എളങ്കുന്നപ്പുഴ | 38 |
| മുളവുകാട് | 13 |
| കടമക്കുടി | 25 |
| പള്ളിപ്പുറം | 65 |
| കുഴുപ്പിള്ളി | 46 |
| നായരമ്പലം | 47 |
| എടവനക്കാട് | 66 |
| ഞാറയ്ക്കൽ | 45 |

<table>
<tr><td></td><td></td><td></td><td>വൈപ്പിൻ നിയോജകണ്ഡലത്തിൽ നിന്നും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ അപേക്ഷകൾ ലഭ്യമായിട്ടില്ല.</td></tr>
<tr><td>(സി)</td><td>പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടി എന്തെന്നും എത്ര പേർക്ക് നാളിതുവരെ തുക ലഭ്യമാക്കിയിട്ടുണ്ടെന്നും ബ്ലോക്ക്, പഞ്ചായത്ത് എന്നിവയുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;</td><td>(സി)</td><td>ലഭ്യമായ അപേക്ഷകളുടെ മുൻഗണനാ ക്രമത്തിലുള്ള പട്ടികതയ്യാറാക്കി ഫീൽഡ്തല പരിശോധന നടത്തിയ ശേഷം 7 പഞ്ചായത്തുകളിൽ 23 പേർക്ക് ഒന്നാം ഗഡു അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.
<table>
<tr><th>ബ്ലോക്ക്</th><th>പഞ്ചായത്ത്</th><th>എണ്ണം</th></tr>
<tr><td rowspan="3">ഇടപ്പിള്ളി</td><td>എളങ്കുന്നപ്പുഴ</td><td>6</td></tr>
<tr><td>മുളവുകാട്</td><td>3</td></tr>
<tr><td>കടമക്കുടി</td><td>1</td></tr>
<tr><td rowspan="4">വൈപ്പിൻ</td><td>പള്ളിപ്പുറം</td><td>3</td></tr>
<tr><td>കുഴുപ്പിള്ളി</td><td>5</td></tr>
<tr><td>നായരമ്പലം</td><td>1</td></tr>
<tr><td>എടവനക്കാട്</td><td>4</td></tr>
<tr><td colspan="2">ആകെ</td><td>23</td></tr>
</table>
</td></tr>
<tr><td>(ഡി)</td><td>സ്ഥല ലഭ്യതക്കുറവുമൂലം മുകളിൽ പഠനമുറി നിർമ്മിച്ച വീട് ഇരുനില വീടായി കണക്കാക്കി പദ്ധതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?</td><td>(ഡി)</td><td>വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഇരുനില വീടുകളുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട 25 പേരെ ഒഴിവാക്കിയിട്ടുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ